**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2225** **20-01-2021 - ൽ മറുപടിയ്ക്ക്**

**വിശപ്പ് രഹിത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri P. Thilothaman<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | വിശപ്പ് രഹിത പദ്ധതിയുടെ ഭാഗമായി ഇരുപത്തിയഞ്ച് രൂപക്ക് ഊണ് നൽകുന്ന ആയിരം ഭക്ഷണശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | വിശപ്പ രഹിത കേരളം പദ്ധതിയുടെ ഭാഗമായി പൊതു ജനത്തിന് 20/-രൂപയ്ക്ക് ഉച്ചഭക്ഷണം നൽകുന്ന 1000 ജനകീയ ഹോട്ടലുകൾ രൂപീകരിക്കുന്നതിന് 2020-2021 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ അനുമതി നൽകിയിരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നത് കുടുംബശ്രീയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുവിതരണ വകുപ്പും സംയുക്തമായാണ്. ഹോട്ടൽ ആരംഭിക്കുന്നതിനുള്ള കെട്ടിടം ലഭ്യമാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഊണിനുവേണ്ട അരി കിലോയ്ക്ക് 10.90 രൂപ നിരക്കിൽ പൊതു വിതരണ വകുപ്പും ലഭ്യമാക്കുന്നതാണ്. കുടുംബശ്രീ 680 ഹോട്ടലുകൾ ഇതുവരെ ആരംഭിച്ചതായി അറിയിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച ജനകീയ ഹോട്ടലുകൾക്ക് പുറമെ പൊതുവിതരണ വകുപ്പിന്റെ നേതൃത്വത്തിൽ വിശപ്പ രഹിത കേരളം (സുഭിക്ഷ) പദ്ധതിയുടെ ഭാഗമായി സുഭിക്ഷ ഹോട്ടലുകൾ ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ടി ഹോട്ടലുകളിലും 20/- രൂപ നിരക്കിലാണ് ഊണ് നല്കി വരുന്നത്. |
| (ബി) | ഇതിനായി റേഷൻ വിലയ്ക്ക് അരിയും, സഹായവിലക്ക് പലവ്യഞ്ജനവും സിവിൽ സപ്ലൈസ് കോർപ്പറേഷൻ അനുവദിച്ചിട്ടുണ്ടോ; | (ബി) | ഇല്ല; (ഭക്ഷ്യശാലകൾക്ക് സബ്സിഡി ഇനത്തിൽ ഭക്ഷ്യധാന്യങ്ങളും മറ്റ് പലചരക്ക് സാധനങ്ങളും ആവശ്യമെങ്കിൽ നൽകുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്). |
| (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2020-21 ൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് എന്തെങ്കിലും സഹായം സർക്കാർ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ